# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147      13.06.2014-ലെ മറുപടിക്ക്

**<u>പൈനാപ്പിൾ മിഷൻ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൈനാപ്പിൾ മിഷന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. കൈതച്ചക്കയുടെ വമ്പിച്ച കയറ്റുമതി സാദ്ധ്യത പരിഗണിച്ച് കൈതച്ചക്കയുടെ ഉല്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനം ലക്ഷ്യമാക്കി 20/05/2013 ലെ 168/2013/കൃഷി നം. സർക്കാർ ഉത്തരവ് (കൈയ്യെ) പ്രകാരം പൈനാപ്പിൾ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. |
| (ബി)മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാ ക്കാമോ; | (ബി) പൈനാപ്പിൾ മിഷൻ ആരംഭിക്കുക വഴി കൈതച്ചക്കയുടെ ഉല്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത് |

(സി) പൈനാപ്പിൾ കൃഷി തദ്ദേശീയ സവിശേഷതകളോടെ വ്യാപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) പൈനാപ്പിൾ കൃഷി തദ്ദേശീയ സവിശേഷതകളോടെ വ്യാപിപ്പിക്കുന്നതിന് മിഷന്റെ 2013-14 വർഷത്തിലെ പ്രോഗ്രാമിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്

1. പൈനാപ്പിളിന്റെ ശാസ്ത്രീയ കൃഷിരീതി പ്രചരിപ്പിക്കുന്നതിന് കേരള കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി 16 പൈനാപ്പിൾ കൃഷി പ്രദർശന തോട്ടങ്ങൾ നടപ്പിലാക്കുന്നതിന് 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണൂർ-6, എറണാകുളം-4, തൃശ്ശൂർ-2, കൊല്ലം-2, കാസർഗോഡ്-2 എന്നി പ്രകാരം നടപ്പിലാക്കി വരുന്നു.

2. നൂതന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിന് 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കർഷകർക്കായി 10 പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും തുടർ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു

3. പൈനാപ്പിൾ കയറ്റുമതിയിൽ മുന്നിട്ടു നിൽക്കുന്ന ഫിലിപ്പൈൻസ്, തായലന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സാങ്കേതിക സഹായം ലഭിക്കുന്നതിനും കയറ്റുമതിക്ക വേണ്ട പ്രോട്ടോകോൾ വികസനത്തിനുമായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. APEDA അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടുക്കരയിലുള്ള പായ്ക്ക് ഹൗസിൽ പായ്ക്ക് ചെയ്ത് കയറ്റുമതി ചെയ്യുന്നതാണ്.

4. APEDA യുടെ സഹായത്തോടുകൂടി നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറിയിൽ പണി കഴിപ്പിച്ചിട്ടുള്ള ശീതീകരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും അതുവഴി

കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഫയർ & സേഫ്റ്റി സിസ്റ്റത്തിനുവേണ്ടി 2.56 ലക്ഷം രൂപയും Turbo Air Wind Fan നു വേണ്ടി 1.20 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഉടനെ APEDA അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

5. പൈനാപ്പിളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ പൈനാപ്പിൾ സിറപ്പ്, പൈനാപ്പിൾ കാൻഡി എന്നിവ വികസിപ്പിച്ചെടുക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൈനാപ്പിൾ സിറപ്പ് വിപണനത്തിന് തയ്യാറായിട്ടുള്ളതും ഇതിനു വേണ്ടി 2 ലക്ഷം രൂപ സഹായമായി നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറിക്ക് നൽകിയിട്ടുള്ളതുമാണ്.

6. മാർക്കറ്റിൽ പൈനാപ്പിളിന്റെ വിലയിടിയുമ്പോൾ 15 രൂപ താങ്ങുവില കർഷകർക്ക് നൽകി പൈനാപ്പിൾ സംഭരിച്ച് സംസ്കരിക്കുന്നതിന് നടുക്കര അഗ്രോ പ്രോസസിംഗ് ഫാക്ടറിക്ക് 200 MT പൈനാപ്പിൾ സംഭരിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും 210 ടൺ പൈനാപ്പിൾ സംഭരിക്കുകയും ഇതിനായി 11.95 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

7. പൈനാപ്പിൾ മിഷന്റെ ആസ്ഥാന മന്ദിരം പണിയുന്നതിന് 20 ലക്ഷം രൂപയും ഓഫീസ് സംവിധാനങ്ങൾ ഒരുക്കുന്നതിന് 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

8. നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറിയുമായി സഹകരിച്ച് പൈനാപ്പിൾ കൃഷിയുടെ വികസനത്തിനു വേണ്ടി 4 അഗ്രി ഫെസ്റ്റുകളിൽ പങ്കെടുക്കുകയും ഇതിനുവേണ്ടി 10.32 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

9. കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വാഴക്കുളം മാർക്കറ്റിലെ പൈനാപ്പിൾ മാലിന്യം സംസ്കരിച്ച് ജൈവവളം ഉത്പ്പാദിപ്പിക്കുന്ന ഒരു സംസ്കരണ പ്ലാന്റിനായി 7.15 ലക്ഷം രൂപയുടെ സഹായം പൈനാപ്പിൾ മർച്ചന്റ് അസ്സോസിയേഷന് അനുവദിച്ചിട്ടുണ്ട്

(ഡി) മിഷന്റെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ?

(ഡി) കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങൾക്കായി കൃഷിഡയറക്ടർ 2013- 14 ൽ ഒരു കോടി രൂപ അനുവദിക്കുകയും 2014-15 ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ